ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 01.03.2025**

## പ്രധാനവാർത്തകൾ

1. ഒരു ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ സംസ്ഥാനത്ത്.

2. കാർഷിക മേഖലയെ കൂടുതൽ കരുത്തുറ്റതും അഭിവൃദ്ധിയുള്ളതുമാക്കാനാണ് ഇത്തവണത്തെ കേന്ദ്ര ബജറ്റ് ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

3. സംസ്ഥാനത്ത് വ്യാപകമാകുന്ന കുറ്റകൃത്യങ്ങൾ തടയാൻ ആവശ്യമായ മുൻകരുതൽ നടപടികൾ പോലീസ് സ്വീകരിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4. താമരശ്ശേരിയിൽ പത്താം ക്ലാസുകാരൻ കൊല്ലപ്പെട്ട കേസിൽ 5 വിദ്യാർഥികളെ ഒബ്സർവർവേഷൻ ഹോമിലേക്ക് മാറ്റാൻ ജുവനൈൽ ജസ്റ്റീസ് ബോർഡ് ഉത്തരവ്.

5. മനുഷ്യ വന്യ ജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നിർമിതബുദ്ധി ഉപയോഗപ്പെടുത്താനൊരുങ്ങി സംസ്ഥാന വനം വകുപ്പ്.

6. രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ കേരളത്തിനെതിരെ വിദർഭ മികച്ച നിലയിൽ. ചാമ്പ്യൻസ് ട്രോഫിയിൽ ഇംഗ്ലണ്ടിനെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 180 റൺസ് വിജയലക്ഷ്യം.

**************************************

## പ്രധാനമന്ത്രി - കൃഷി - ഇൻട്രോ

കാർഷിക മേഖലയെ കൂടുതൽ കരുത്തുറ്റതും അഭിവൃദ്ധിയുള്ളതുമാക്കാനാണ് ഇത്തവണത്തെ കേന്ദ്ര ബജറ്റ് ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കൃഷിയും ഗ്രാമീണ സമൃദ്ധിയും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ബജറ്റാനന്തര വെബിനാറിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കൃഷിയെ വികസനത്തിൻറെ മുഖ്യ ഘടകമായി കണക്കാക്കി കർഷകരെ ആദരവോടെയാണ് രാജ്യം കാണുന്നത്. രാജ്യത്തെ ഏറ്റവും കുറഞ്ഞ കാർഷികോൽപ്പാദനക്ഷമതയുള്ള 100 ജില്ലകളുടെ വികസനത്തിന് ഊന്നൽ നൽകുന്ന 'പിഎം ധൻ ധാന്യ കൃഷി യോജന' കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്.....)

PNU TVPM

*************************************

## ഉപരാഷ്ട്രപതി - തിരുവനന്തപുരം

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ തിരുവനന്തപുരത്ത് എത്തും. കവടിയാർ ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന നാലാമത് പി പരമേശ്വരൻ സ്മാരക പ്രഭാഷണത്തിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. ഉച്ചക്ക് 12 മണിക്കാണ് പരിപാടി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും പരിപാടിയിൽ പങ്കെടുക്കും.

*************************************

## മുഖ്യമന്ത്രി - വനിതാ ദിനാഘോഷം

വനിതകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കാൻ ഒരുമിച്ച് പ്രവർത്തിക്കണമെന്നും അതിനുതകുന്ന വിവിധ

പദ്ധതികളുമായി സർക്കാർ ഒപ്പമുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. വനിതാ കമ്മീഷന്റെ അന്താരാഷ്ട്ര വനിതാ ദിനചാരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്ത്രീയുടെ അവകാശവും മാന്യതയും പലപ്പോഴും എഴുത്തുകളിലും ചർച്ചകളിലും മാത്രമായി ഒതുങ്ങിപ്പോകുന്നു. ഈ കാഴ്ചപ്പാട് തിരുത്തണം. സ്ത്രീകളെ മനുഷ്യത്വത്തോടെയും ആദരവോടെയും കാണാനുള്ള മനസ്ഥിതി സമൂഹത്തിലാകെ വളർത്തുകയും ചെയ്യണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ചടങ്ങിൽ സംസ്ഥാന വനിതാ കമ്മീഷന്റെ സ്ത്രീ ശക്തി, ജാഗ്രതാ സമിതി പുരസ്ക്കാരങ്ങൾ മുഖ്യമന്ത്രി സമ്മാനിച്ചു. വനിതാ കമ്മീഷൻ ചെയർപേഴ്സൺ പി സതീദേവി അധ്യക്ഷത വഹിച്ചു.

RNU TVPM

**************************************

## വനംവകുപ്പ് സംവിധാനം

വനാതിർത്തിയിലൂടെയുള്ള വന്യ മൃഗങ്ങളുടെ നീക്കങ്ങൾ നിരീക്ഷിക്കുന്നതിനും അതുവഴി മനുഷ്യ വന്യ ജീവി സംഘർഷം ലഘൂകരിക്കുന്നതിനും നിർമിതബുദ്ധി ഉപയോഗപ്പെടുത്താനൊരുങ്ങി വനം വകുപ്പ്. കേരളത്തിലെ വന - വന്യ ജീവി സ്വഭാവം അടിസ്ഥാനമാക്കി വന്യ മൃഗങ്ങളെ തിരിച്ചറിയാനുള്ള സംവിധാനം മെഷീൻ ലേർണിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് വികസിപ്പിച്ചെടുക്കും. സോളാർ ഊർജത്തിൽ പ്രവർത്തിക്കുന്ന നിരീക്ഷണ ക്യാമറകൾ, റിയൽ ടൈം മോണിറ്ററിങ് സംവിധാനം, തെർമൽ ഡ്രോണുകൾ, തുടങ്ങിയവ ഉപയോഗിച്ച് നിരീക്ഷണം ശക്തമാക്കുമെന്നും വനംവകുപ്പ് അറിയിച്ചു.

**************************************

## താമരശേരി - സംഘർഷം

കോഴിക്കോട് താമരശേരിയിൽ സ്കൂളിലുണ്ടായ സംഘർഷത്തിൽ ഗുരുതരമായി പരുക്കേറ്റ് ചികിൽസയിലിരിക്കെ വിദ്യാർഥി മരിച്ച കേസിൽ 5 വിദ്യാർഥികളെ ഒബ്സർവർവേഷൻ ഹോമിലേക്ക് മാറ്റാൻ ജുവനൈൽ ജസ്റ്റീസ് ബോർഡ് ഉത്തരവ്. ഇന്ന് ബോർഡ് മുമ്പാകെ ഹാജരായ വിദ്യാർഥികളുടെ ജാമ്യാപേക്ഷ തള്ളിയാണ് ഉത്തരവ്. കുട്ടികൾക്ക് SSLC പരീക്ഷ എഴുതാനുള്ള അനുമതി ബോർഡ് നൽകി. കേസിൽ അന്വേഷണം തുടരും. സംഘർഷത്തെ തുടർന്ന് മരിച്ച താമരശ്ശേരി ചുങ്കം സ്വദേശി ഷഹബാസ് മുഹമ്മദിൻറെ കബറടക്കം കെടവൂർ ജുമാ മസ്ജിദ് കബറസ്ഥാനിൽ നടന്നു.

*************************************

RIJU TVPM

## വി ശിവൻകുട്ടി

കോഴിക്കോട് താമരശേരിയിൽ സ്കൂൾ വിദ്യാർഥികൾ തമ്മിലുള്ള സംഘർഷത്തിൽ പത്താം ക്ലാസുകാരൻ മരിച്ച സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്താൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയതായി മന്ത്രി വി ശിവൻകുട്ടി. പോലീസ് അന്വേഷണം നടത്തുന്നുണ്ടെന്നും കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ അന്വേഷിച്ച് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചതായും മന്ത്രി പറഞ്ഞു.

*************************************

## മുഖ്യമന്ത്രി - പോലീസ് - ഇൻട്രോ

സൈബർ കുറ്റാന്വേഷണ രംഗത്ത് അഭിമാനകരമായ നേട്ടങ്ങളാണ് കേരള പോലീസ് സ്വന്തമാക്കിയതെന്ന്

മുഖ്യമന്ത്രി പിണറായി വിജയൻ. പൊലീസിൻറെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൻറെ ഭാഗമായി വിവിധ ജില്ലകളിൽ സജ്ജമാക്കിയ പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും നിർവഹിക്കുകയായിരുന്നു അദ്ദേഹം. പോലീസിനെ സമീപിക്കുന്ന പൊതുജനങ്ങളോട് അനുഭാവപൂർവ്വം പെരുമാറണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു.

(വോയിസ്....)

സമീപകാലത്ത് സംസ്ഥാനത്ത് വ്യാപകമാകുന്ന കുറ്റകൃത്യങ്ങൾ തടയാൻ ആവശ്യമായ മുൻകരുതൽ നടപടികൾ പോലീസിന്റെ നേതൃത്വത്തിൽ സ്വീകരിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

**************************************

## ലഹരി - പ്രതിപക്ഷ നേതാവ്

സംസ്ഥാനത്ത് ലഹരി വ്യാപനം രൂക്ഷമായതോടെ അക്രമ സംഭവങ്ങളും കൂടിയതായി പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. ലഹരിയുടെ സ്രോതസ് കണ്ടെത്താൻ ഒരു സർക്കാർ ഏജൻസിയും ശ്രമിക്കുന്നില്ലെന്ന് അദ്ദേഹം കൊച്ചിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ലഹരി വസ്തുക്കൾ പിടികൂടുന്നതിനൊപ്പം തെളിവ് ശേഖരിച്ച് NDPS ചട്ടപ്രകാരം പ്രതികളെ ജയിലിലിലാക്കണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. സംസ്ഥാനം ലഹരി മാഫിയുടെ പിടിയിലാണെന്നും ഇതിനെതിരെ സർക്കാർ ശക്തമായ നടപടിയെടുക്കണമെന്നും ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ ആവശ്യപ്പെട്ടു.

**************************************

## വി അബ്ദുറഹ്മാൻ

അടുത്ത അധ്യയനവർഷം മുതൽ പ്രൈമറി തലത്തിൽ ഉൾപ്പെടെ സ്പോർട്സ് പാഠ്യവിഷയമാക്കുമെന്ന് മന്ത്രി വി അബ്ദുറഹ്മാൻ. കണ്ണൂർ പിണറായി എ കെ ജി മെമ്മോറിയൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ഫ്ളഡ് ലിറ്റ് സ്റ്റേഡിയം ഉൾപ്പെടെയുള്ള പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. വിദ്യാർഥികളെ കായിക മേഖലയിലേക്ക് ആകർഷിക്കാൻ കൂടുതൽ പരിപാടികൾ ആവിഷ്കരിക്കും. കായിക മേഖലയിൽ അടിസ്ഥാന പരമായ മാറ്റമാണ് സർക്കാർ ലക്ഷമിടുന്നതെന്നും മന്ത്രി പറഞ്ഞു. സ്കൂൾ, കോളേജ് വിദ്യാർത്ഥികളെയും യുവജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് ലഹരിവിരുദ്ധ കായിക യാത്ര സംഘടിപ്പിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

RNU TVPM

**************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ **നല്ല വാർത്ത** പ്രാദേശിക വാർത്തകൾക്ക് ശേഷം കേൾക്കാവുന്നതാണ്.

**************************************

## കൊല്ലം വീ പാർക്ക് - ഇൻട്രോ

സംസ്ഥാനത്തെ മേൽപാലങ്ങളുടെ അടിവശം സൗന്ദര്യവത്കരിക്കുന്ന പദ്ധതികളിൽ ആദ്യത്തേത് കൊല്ലത്ത് മന്ത്രി മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. ഉപയോഗിക്കാതെ കിടക്കുന്ന പ്രദേശങ്ങൾ ജനസൗഹൃദ മാതൃകാ പൊതു ഇടങ്ങളായി മാറ്റുകയെന്ന സർക്കാർ

നയത്തിന്റെ ഭാഗമായി നഗരത്തിലെ റെയിൽവേ മേൽപ്പാലത്തിനടിയിൽ ഒരുക്കിയ 'വീ' പാർക്കാണ് മന്ത്രി നാടിന് സമർപ്പിച്ചത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ...**

**(വോയിസ്....)**

**************************************

## റാഗിംങ് കേസ് - ജാമ്യാപേക്ഷ തള്ളി

കോട്ടയം ഗാന്ധിനഗർ ഗവൺമെൻറ് നഴ്സിങ് കോളേജ് പ്രതികളുടെ ജാമ്യാപേക്ഷ കോടതി തള്ളി. കോട്ടയം ജില്ലാ സെഷൻസ് കോടതിയാണ് ജാമ്യാപേക്ഷ തള്ളിയത്. നേരത്തെ ഏറ്റുമാനൂർ കോടതിയും, ജാമ്യാപേക്ഷ തള്ളിയിരുന്നു. ഒന്നാംവർഷ വിദ്യാർഥികളെ മൂന്നാം വർഷ വിദ്യാർഥികൾ ക്രൂരമായി റാഗ് ചെയ്തെന്നാണ് പരാതി. പ്രതികളായ അഞ്ചുപേരും മൂന്നാം വർഷ നഴ്സിങ് വിദ്യാർഥികളാണ്. മൂന്നുമാസത്തോളം റാഗിങ് നീണ്ടുനിന്നതായിട്ടാണ് പരാതിയിലുള്ളത്.

RNU TVPM

**************************************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ കേരളത്തിനെതിരെ വിദർഭ മികച്ച നിലയിൽ. നാലാം ദിവസം കളി നിർത്തുമ്പോൾ 4 വിക്കറ്റിന് 249 റൺസ് എന്ന നിലയിലാണ് വിദർഭ. 6 വിക്കറ്റ് ശേഷിക്കേ 286 റൺസ് ലീഡാണ് ഇപ്പോഴുള്ളത്. വിദർഭയ്ക്കായി കരുൺ നായർ സെഞ്ച്വറി നേടി.

**************************************

## ചാമ്പ്യൻസ് ട്രോഫി

ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ കറാച്ചിയിൽ നടക്കുന്ന മത്സരത്തിൽ ഇംഗ്ലണ്ടിനെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 180 റൺസ് വിജയലക്ഷ്യം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ട് 38.2 ഓവറിൽ 179 റൺസിന് പുറത്തായി. മറുപടി ബാറ്റിംഗ് ആരംഭിച്ച ദക്ഷിണാഫ്രിക്ക ഒടുവിൽ വിവരം ലഭിക്കുമ്പോൾ 7 ഓവറിൽ ഒരു വിക്കറ്റിന് 38 റൺസ് എടുത്തിട്ടുണ്ട്. പ്രാഥമിക റൗണ്ടിലെ അവസാന മത്സരത്തിൽ ഇന്ത്യ നാളെ ന്യൂസിലാൻഡിനെ നേരിടും.

************************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - ജംഷഡ്പൂരിനെ നേരിടും. രാത്രി 7.30 നാണ് മത്സരം. മുംബൈ ഫുട്ബോൾ അറീനയിൽ നടക്കുന്ന മറ്റൊരു മത്സരത്തിൽ മുംബൈ സിറ്റിക്കെതിരെ മോഹൻബഗാൻ ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് മുന്നിലാണ്

************************************

## വിശ്വ സംസ്കൃത പ്രതിഷ്ഠാനം

വിശ്വ സംസ്കൃത പ്രതിഷ്ഠാനത്തിൻറെ 47-ാം സംസ്ഥാന സമ്മേളനത്തിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ കോഴിക്കോട് ആരംഭിച്ചു. മെയ് 10, 11 തീയതികളിൽ നടക്കുന്ന സമ്മേളനത്തിന് മുന്നോടിയായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 101 സംസ്കൃത സംഭാഷണ ശിബിരങ്ങൾ നടത്തും.

************************************

RNU TVPM

## ലക്ഷദ്വീപ് - ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്

ലക്ഷദ്വീപിൽ ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു. കവരത്തി ദ്വീപിൽ നടന്ന പരിപാടി ലക്ഷദ്വീപ് BJP ഘടകം അധ്യക്ഷൻ കെ.എൻ കാസിമി കോയ ഉദ്ഘാടനം ചെയ്തു. വഖഫ് ബോർഡ് ചെയർമാൻ അബ്ദുൽ ഖാദർ, വൈസ് പ്രസിഡൻറ് ഷഹിർ ബാനു തുടങ്ങിയവർ പങ്കെടുത്തു.

***********************************

## റേഷൻ വിതരണം

ഫെബ്രുവരി മാസത്തെ റേഷൻ വിതരണം തിങ്കളാഴ്ച വരെ നീട്ടിയതായി മന്ത്രി ജി.ആർ.അനിൽ. ഈ മാസം 4-ന് മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് അവധി ആയിരിക്കും. ബുധനാഴ്ച മുതൽ ഈ മാസത്തെ റേഷൻ വിതരണം ആരംഭിക്കും.

***********************************

## സംസ്ഥാനം - കാലാവസ്ഥ

സംസ്ഥാനത്ത് ഇന്നും നാളെയും സാധാരണയെക്കാൾ 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വിവിധ ജില്ലകളിൽ മഴയ്ക്ക് സാധ്യതയെന്നും കാലാവസ്ഥാ വിഭാഗം അറിയിച്ചു.

*****************************************************

***********************************

*********************

RNU TVPM